**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 875** **26-07-2021 - ൽ മറുപടിയ്ക്ക്**

**മരം മുറിയുമായി ബന്ധപ്പെട്ട ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മരം മുറിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് പുറപ്പെടുവിച്ച 24.10.2020-ലെ GO (P) No: 261/2020/RD നമ്പർ ഉത്തരവ് നിയമപരമായി നിലനിൽക്കുമോ എന്ന് അറിയിക്കുമോ; | (എ) | പ്രസ്തുത ഉത്തരവ് 02.02.2021 ലെ സ.ഉ (കൈ) നം. 30/2021/റവന്യൂ പ്രകാരം റദ്ദാക്കിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ഉത്തരവ് കേന്ദ്ര സംസ്ഥാന വനം ആക്ടുകൾക്ക് വിധേയമായാണോ തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അതേ |
| (സി) | പ്രസ്തുത ഉത്തരവ് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നോ എന്നും എങ്കിൽ നിയമ വകുപ്പിന്റെ ഉപദേശം എന്തായിരുന്നുവെന്നും അറിയിക്കുമോ? | (സി) | 03.12.2020-ൽ നിയമ (opinion-G) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. നിയമ വകുപ്പിന്റെ ഉപദേശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

നമ്പർ. 17849/ഉപദേശ-ജി.2/2020/നിയമം
നമ്പർ. റവ-യു.3/187/2019/റവ

നിയമ (ഉപദേശ-ജി) വകുപ്പ്
തീയതി. 20.01.2021.

2017 -ലെ ഭേദഗതി ചട്ടങ്ങൾ (എസ്.ആർ.ഒ 621/2017) നിലവിൽ വന്ന തീയതിക്ക് മുമ്പ് നിലനിന്നിരുന്ന 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരം "Reserved trees" (Appendix III) മുറിക്കുന്നത് സംബന്ധിച്ച നിബന്ധന വ്യവസ്ഥകൾ ചട്ടം 10(3) -ൽ വ്യക്തമാക്കിയിരുന്നു. ടി ചട്ടങ്ങളിലെ ചട്ടം 9(2) -നു കീഴിലുള്ള Appendix II -നിബന്ധന 1, 2 വ്യവസ്ഥ പ്രകാരം 'Scheduled trees' അതായത് Teak, Black Wood, Ebony, Sandal Wood എന്നീ മരങ്ങളുടെ അവകാശം സർക്കാരിനാണെന്നും അതിന്റെ പരിപാലനചുമതല അസൈനിക്കു മാത്രമാണുള്ളതെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ, 2017-ലെ ഭേദഗതിയിൽ 'Scheduled trees' എന്ന പരാമർശം Appendix II, IIA എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല. പുതുതായി ചേർത്ത നിബന്ധന '2' പ്രകാരം "The right over trees in the assigned land as per Rule 10(3)" എന്ന് മാത്രം പരാമർശിച്ചത്മൂലം, മുൻപ് ലിസ്റ്റ് ചെയ്തിരുന്ന തേക്ക്, ചന്ദനം മുതലായ Scheduled trees -ന്റെ അവകാശം സംബന്ധിച്ച കാര്യത്തിൽ വ്യക്തത കുറവ് ഉണ്ടായി എന്നുമാത്രമല്ല, നിലവിലുള്ള 'Appendix III – Reserved trees' ഗണത്തിൽ, മേൽപരാമർശിച്ച 'Scheduled trees' ഉൾപ്പെടുന്നുമില്ല. 1986-ലെ Kerala Preservation of Trees Act ന്റെ വകുപ്പ് 22, 4 എന്നിവയ്ക്ക് വിധേയമായാണ് 'Reserved trees' മുറിക്കാനുള്ള അവകാശം അസൈനിക്ക് നൽകിയിട്ടുള്ളത്. 2005-ലെ The Kerala Promotion of tree growth in Non-Forest Areas Act, 2005 ലെ 'Specified trees' എന്ന നിർവ്വചനവും 1986-ലെ The Kerala Preservation of Trees Act- ലെ 'trees' എന്ന നിർവ്വചനവും,

നമ്പർ. 17849/ഉപദേശ-ജി.2/2020/നിയമം
നമ്പർ. റവ-യു.3/187/2019/റവ

നിയമ (ഉപദേശ-ജി) വകുപ്പ്
തീയതി. 20.01.2021.

അവയുടെ ഉദ്ദേശ്യലക്ഷ്യവും വ്യത്യസ്തമാണ്. 1986-ലെ ആക്റ്റിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന മരങ്ങൾ മുറിക്കുന്നതിനാണ് ടി ആക്റ്റിന്റെ വകുപ്പ് 22, 4 എന്നിവയിലെ വിലക്ക് ബാധകമാകുന്നത്. പതിവ് നൽകുന്ന ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതും, അതിന്റെ നിബന്ധനകളും 1964-ലെ ഭൂപതിവ് ചട്ടങ്ങൾ മുഖേന വ്യവസ്ഥ ചെയ്യപ്പെടേണ്ടവയാകയാൽ, ടി ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഭരണവകുപ്പ് പുറപ്പെടുവിച്ച പരിപത്രവും ഉത്തരവും നിയമപരമായി നിലനിൽക്കുന്നതല്ല. അക്കാരണത്താൽ അവ റദ്ദ് ചെയ്യപ്പെടേണ്ടതാണ്. എന്നാൽ, ഭരണവകുപ്പ് ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതില്ലെന്നും, ഈ വകുപ്പ് ചൂണ്ടികാണിച്ച വസ്തുതകൾ പരിഗണിച്ചുകൊണ്ടും ഭരണവകുപ്പിന്റെ കരട് ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തികൊണ്ടും 1964-ലെ ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി കൊണ്ട് വരേണ്ടതാണെന്നും, ആയതിനുള്ള കരട് തയ്യാറാക്കി ഈ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കാനും ഭരണവകുപ്പിനോട് നിർദ്ദേശിക്കുന്നു.

**അരവിന്ദ ബാബു. പി.കെ**
നിയമ സെക്രട്ടറി.